മരച്ചീനി കൃഷി സംരക്ഷിക്കാൻ നടപടി

124 (1950)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മരച്ചീനി കൃഷി നിലനിർത്തുവാനും മെച്ചപ്പെടുത്തുവാനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ;

(ബി) ഒരു കാലത്ത് കേരളത്തിന്റെ കുത്തകയായിരുന്ന മരച്ചീനി കൃഷി ഇവിടെ അധഃപതിക്കുകയും തമിഴ്നാടും കർണ്ണാടകവും ഈ രംഗത്ത് വമ്പിച്ച നേട്ടമുണ്ടാക്കുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കേരളത്തിലെ കിഴങ്ങു വർഗ്ഗ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ മരച്ചീനി കൃഷി ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര കിഴങ്ങുവർഗ്ഗ ഗവേഷണ കേന്ദ്രത്തിൽനിന്നും പുറത്തിറങ്ങുന്ന പുതിയ ഇനങ്ങൾ സർക്കാർ ഫാമുകളിൽ കൃഷി ചെയ്ത് വർദ്ധിപ്പിച്ച് അതിൽ നിന്നുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് സൗജന്യനിരക്കിൽ ലഭ്യമാക്കുന്നുണ്ട്.

(ബി) ഉണ്ട്. മരച്ചീനി കൃഷി അഭിവൃദ്ധിപ്പെടുത്തുവാനുള്ള ഒരു പദ്ധതി ഗവൺമെന്റ് ആലോചിച്ചു വരുന്നു.

മരച്ചീനി കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

125(1951)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരച്ചീനി അസംസ്കൃത വസ്തുവായി ഉപയോഗിക്കാവുന്ന ഭക്ഷ്യോല്പന്ന വ്യവസായങ്ങളുടെ അഭാവംകൊണ്ടാണോ മരച്ചീനി ഉൽപ്പാദനം കുറഞ്ഞുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ മരച്ചീനിയെ ആശ്രയിച്ചുള്ള ഗ്ലൂക്കോസ് നിർമ്മാണ വ്യവസായം അഭിവൃദ്ധിപ്പെടുന്നത് കണക്കിലെടുത്ത് മരച്ചീനി ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും മരച്ചീനിയെ ആശ്രയിച്ചുള്ള ഭക്ഷ്യോല്പാദന വ്യവസായമാരംഭിക്കുവാനും കൃഷി വകുപ്പ് പദ്ധതി ആവിഷ്ക്കരിക്കുമോ?

ഉത്തരം

(എ) മരച്ചീനി ഉല്പാദനം കുറയുന്നതിന്റെ കാരണം ഇത്തരം വ്യവസായങ്ങളുടെ അഭാവവും മരച്ചീനിയുടെ ഉപയോഗത്തിൽ ഉണ്ടായ കുറവും ആണ്.

(ബി) മരച്ചീനി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു പദ്ധതി നടപ്പിലാക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

മരച്ചീനി കൃഷിക്കാർക്ക് സൗജന്യങ്ങൾ

126(1952)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മരച്ചീനി കൃഷി കുറഞ്ഞുവരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly